**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ( i/c ) നടപടിക്രമം**

**(ഹാജർ : H. DINESHAN IAS )**

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ഭരണ ജാഗ്രത – ഇടുക്കി ജില്ല - മൂന്നാർ ഗ്രാമപഞ്ചായത്ത് - വാർഷിക പദ്ധതി നിർവ്വഹണം - ആകസ്മിക പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ - സെക്രട്ടറി ശ്രീ.ഉദയകുമാർ ജി.പി. (പെൻ ജി51058) എന്നവരെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം:

1) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 17.03.2026 ലെ LSGD/PD/417/2026 IVO3 നമ്പർ ഉത്തരവ്
2) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ ജോയിന്റ് ഡയറക്ടറുടെ (പ്ലാൻ) നേതൃത്വത്തിൽ മൂന്നാർ ഗ്രാമപഞ്ചായത്തിൽ നടത്തിയ പ്രാഥമിക പരിശോധന റിപ്പോർട്ട്

**ഉത്തരവ് നമ്പർ .LSGD/PD/13497/2026-VIGB4 തീയതി: 16-05-2026**

മൂന്നാർ ഗ്രാമപഞ്ചായത്തിലെ പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നതായി കാണിച്ച് ശ്രീ.റിയാസ് ആർ., ശ്രീ.മുഹമ്മദ് എബ്രഹാം എന്നിവർ സമർപ്പിച്ച പരാതിയിന്മേൽ ഈ കാര്യാലയത്തിലെ ജോയിന്റ് ഡയറക്ടറുടെ (പ്ലാൻ) നേതൃത്വത്തിൽ പരിശോധന നടത്തുന്നതിന് പരാമർശം (1) പ്രകാരം അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തിയിരുന്നു. ആയത്പ്രകാരം പ്രസ്തുത പരിശോധനാ സംഘം 16.04.2026 മുതൽ 18.04.2026 വരെയുള്ള തിയതികളിൽ മൂന്നാർ ഗ്രാമപഞ്ചായത്തിൽ നടത്തിയ പരിശോധനയുടെ പ്രാഥമിക റിപ്പോർട്ട് പരാമർശം (2) പ്രകാരം സമർ പ്പിച്ചിട്ടുണ്ട്. പ്രസ്തുത പരിശോധനയിൽ മൂന്നാർ ഗ്രാമപഞ്ചായത്തിലെ വാർഷിക പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**1.ശ്മശാനം അറ്റകുറ്റപ്പണി നടത്തിയതിൽ കണ്ടെത്തിയ ക്രമക്കേടുകൾ**

മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ശ്മശാനത്തിന്റെ അറ്റകുറ്റപണി നടത്തുന്നതിന് Glow Green Engineering എന്ന സ്ഥാപനത്തിനെ ചുമതലപ്പെടുത്തിയതിലും ബിൽ തുക അനുവദിച്ചതിലും ഗുരുതരമായ ക്രമക്കേടുകൾ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തി. ടി പ്രവർത്തി ടെണ്ടർ/ക്വട്ടേഷൻ മുഖേന നടപ്പാക്കുന്നതിന് മതിയായ സമയമുണ്ടായിരുന്നിട്ടും അപ്രകാരം ചെയ്യാതെയും തദ്ദേശസ്ഥാപനത്തിൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ സേവനം ഉണ്ടായിരുന്നിട്ടും അറ്റകുറ്റപണികൾക്ക് മേൽനോട്ട ചുമതല നല്കുകയോ, പ്രവൃത്തി നടക്കുന്ന വിവരം ടിയാനെ അറിയിക്കുകയോ ചെയ്യാതെ ടി പ്രവർത്തികൾ നടത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ടി പ്രവർത്തിയുടെ ബിൽ തുക ആവശ്യപ്പെട്ട് പ്രവർത്തി ഏറ്റെടുത്ത സ്ഥാപനം നൽകിയിട്ടുള്ള അപേക്ഷയുമായി ബന്ധപ്പെട്ട ഫയലിൽ ഗ്രാമപഞ്ചായത്ത് അക്കൌണ്ടന്റ് അപാകങ്ങൾ രേഖപ്പെടുത്തിയിട്ടും കേരള പഞ്ചായത്ത് രാജ് നിയമം, കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികൾ നടത്തിപ്പ്) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടും അസിസ്റ്റന്റ് എഞ്ചിനീയർ 16,800/- രൂപ മാത്രം മൂല്യനിർണ്ണയം നടത്തിയ പ്രവൃത്തിക്ക് പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ഉറപ്പാക്കേണ്ട സുതാര്യത പാലിക്കാതെയും, നിയമാനുസൃതമല്ലാതെ പ്രവൃത്തി ലഭിച്ച സ്ഥാപനത്തിന് അന്യായമായി ലാഭം ഉണ്ടാക്കുന്നതിന് വേണ്ടിയും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ഉദയകുമാർ ജി.പി. ബന്ധപ്പെട്ട ഫയലിൽ ദുരുദ്ദേശത്തോടെ രേഖപ്പെടുത്തലുകൾ വരുത്തുകയയും 150000/-രൂപയുടെ ബിൽ തുക അനുവദിച്ചുനല്കിയതായും കണ്ടെത്തിയിട്ടുണ്ട്.

2.**മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - തൊഴിലാളികൾക്ക് ഗംബൂട്ട് കയ്യുറ തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ വാങ്ങി നല്കിയതിൽ കണ്ടെത്തിയ ക്രമക്കേടുകൾ**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ അപകടകരമായ സാഹചര്യങ്ങളിൽ ജോലി ചെയ്യേണ്ടിവരുന്ന തൊഴിലാളികൾക്ക് സുരക്ഷിതമായി ജോലിചെയ്യുന്നതിന് ഗംബൂട്ട്, കയ്യുറ തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ നൽകുന്നതിന് ഓരോ ഗ്രാമപഞ്ചായത്തിനും ആവശ്യകതയുടെ അടിസ്ഥാനത്തിൽ പരമാവധി 40 ജോഡി ഗംബൂട്ടുകളും 80 ജോഡി കയ്യുറകളും വാങ്ങുന്നതിന് പ്രതിവർഷം 75000/- രൂപ വരെ ചെലവഴിക്കുന്നതിന് അനുമതി നല്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവിൽ ഇപ്രകാരം വാങ്ങുന്ന സാധനസാമഗ്രികൾ പഞ്ചായത്ത് അക്രഡിറ്റഡ് എഞ്ചിനീയറുടെ പക്കൽ സൂക്ഷിച്ച് തൊഴിലുറപ്പ് പ്രവൃത്തികൾക്ക് ആവശ്യാനുസരണം നൽകുന്നതിനും പുനരുപയോഗത്തിനുതകുംവിധം ആയത് പഞ്ചായത്തിൽ സൂക്ഷിച്ച് തുടർന്നും തൊഴിലുറപ്പ് പ്രവൃത്തികൾക്ക് നൽകുന്നതിനും പദ്ധതിയുടെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കുന്നതിന് നിർദേശിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 07.03.2024 ൽ മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഗ്ലൗസ്, ഗംബൂട്ട് എന്നിവ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിക്കുകയും ലഭിച്ച 3 ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത സിഡ്കോ തിരുവനന്തപുരം എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷൻ 16/03/2024 തീയതിയിലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് തീരുമാനിക്കുകയും ആയതനുസരിച്ച് 100 ഗ്ലൗസും 90 ജോഡി ഗംബൂട്ടുകളും 30 സാനിറ്റൈസറും സിഡ്കോയിൽ നിന്നും വാങ്ങുകയും 74,989/- രൂപ ടി സ്ഥാപനത്തിന് അനുവദിക്കുകയും ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ മേൽ പരാമർശിച്ച സർക്കാർ ഉത്തരവിലെ വ്യവസ്ഥകളെ പാടെ ലംഘിച്ചുകൊണ്ട് 2024-25 വർഷത്തിൽ 21/02/2025 തീയതിയിലെ ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2013 ലെ സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്കും തദ്ദേശസ്ഥാപനങ്ങളുടെ പ്രൊക്യൂർമെന്റ് മാർഗരേഖയിലെ വ്യവസ്ഥകൾക്കും 1/03/24 ലെ സ.ഉ.(സാധാ) 492/24/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും വിരുദ്ധമായി തങ്കമണിയിലുള്ള നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി 16,41,085/- രൂപയുടെ സാധന സാമഗ്രികൾ വാങ്ങി തുക നൽകിയതായി കാണ്ടെത്തി. ഇത് സംബന്ധിച്ച വൌച്ചർ പരിശോധിച്ചതിൽ ഗുരുതരമായ ചട്ടലംഘനവും ക്രമക്കേടുകളുമാണ് നടന്നിട്ടുള്ളതെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ തദ്ദേശസ്ഥാപനത്തിന്റെ പണം അപഹരിക്കണമെന്ന ദുരുദ്ദേശത്തോടുകൂടി തദ്ദേശസ്ഥാപന സെക്രട്ടറിയും സ്വകാര്യ വ്യക്തിയും നീതി മെഡിക്കൽ സ്റ്റോർ അധികൃതരും ചേർന്ന് നടത്തിയ 1641085/- രൂപയുടെ വാങ്ങലുകൾ മൂലം സർക്കാരിനും മൂന്നാർ ഗ്രാമപഞ്ചായത്തിനും 1566085/- രൂപ നഷ്ടം വരുത്തിയതായി കണ്ടെത്തുകയും ടി നഷ്ടത്തിന് ഉത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ഉദയകുമാറിൽ നിന്നും ടി തുക ഈടാക്കുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്.

**3. മൂന്നാർ ഗ്രാമപഞ്ചായത്തിലെ 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ട് നമ്പർ 175/2026 ലാപ് ടോപ് വിതരണം - (ജനറൽ), പ്രോജക്ട് നമ്പർ 201/2026 - ലാപ് ടോപ്പ് വിതരണം (എസ്.സി) എന്നീ പദ്ധതികളിലെ ക്രമക്കേടുകൾ.**

2025-26 സാമ്പത്തിക വർഷം നടപ്പാക്കിയ മേൽ പരാമർശിച്ച രണ്ട് പദ്ധതികളിലും വ്യാജ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി പണം വാങ്ങി ലാപ് ടോപ്പ് വിതരണം ചെയ്തതായി പരിശോധനയിൽ കണ്ടെത്തി. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത രണ്ട് പേരിൽ നിന്നും വലിയ തുക കൈക്കൂലി വാങ്ങി ലാപ് ടോപ്പ് നൽകിയതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്. വിശദമായ അന്വേഷണം നടത്തിയതിൽ പട്ടികജാതി വിദ്യാർത്ഥിൾക്ക് ലാപ് ടോപ്പ് വിതരണം, പൊതു വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം എന്നീ പദ്ധതികളുടെ പേരിൽ വ്യാജ ഗുണഭോക്തൃ ലിസ്റ്റ് ഉപയോഗിച്ച് ലാപ് ടോപ്പ് വിതരണം ചെയ്തതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത പട്ടികജാതി വിഭാഗത്തിലെ 26 പേർക്കും ജനറൽ വിഭാഗത്തിലെ 17 പേർക്കും ലാപ് ടോപ്പ് നല്കുകയും അതുവഴി വ്യാപക അഴിമതി നടത്തുകയും ചെയ്തതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

**4. വ്യാജ രേഖകളും ഒപ്പും ഉപയോഗിച്ച് വിവിധ പദ്ധതികളിലായി പട്ടിക ജാതി വിഭാഗം ഫണ്ട് ഉപയോഗിച്ച് നടത്തിയ ക്രമക്കേടുകൾ**

മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതിയായ വാട്ടർ ടാങ്ക് വിതരണം (പട്ടികജാതി വിഭാഗം), വയോജനങ്ങൾക്ക് കട്ടിൽ (പട്ടികജാതി വിഭാഗം), വയോജനങ്ങൾക്ക് മെത്ത (പട്ടികജാതി വിഭാഗം) എന്നീ പദ്ധതികളുടെ വിതരണത്തിന് വ്യാജമായി തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റ് ഉപയോഗിച്ചിട്ടുള്ളതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ടി ആനുകൂല്യങ്ങൾ കൈപ്പറ്റി എന്ന് പറയുന്ന ഏതാനും ഗുണഭോക്താക്കളെ അന്വേഷണ സംഘം നേരിൽ കണ്ടതിൽ, ആനുകൂല്യം കൈപ്പറ്റിയതായി പഞ്ചായത്ത് രേഖകളിൽ ഇട്ടിരിക്കുന്ന ഒപ്പ് തങ്ങളുടേതല്ലെന്ന് കാണിച്ച് ടിയാളുകൾ എഴുതി ഒപ്പിട്ട് അന്വേഷണ സംഘത്തിന് നൽകുകയുണ്ടായി. ഇതോടൊപ്പം മുത്തുരാജ് സുബ്രമണ്യം എന്ന ഗുണഭോക്താവിന് പഞ്ചായത്തിൽ നിന്ന് മെത്ത ലഭിച്ചിട്ടുള്ളതായും എന്നാൽ ഇതിനു

വേണ്ടി ടിയാൻ നൽകിയ ആധാർ കാർഡിന്റേയും റേഷൻ കാർഡിന്റേയും പകർപ്പുകൾ ഉപയോഗിച്ച് ടിയാന് വാട്ടർ ടാങ്ക് നൽകിയതായി വ്യാജ രേഖ തയ്യാറാക്കിയതായും കണ്ടെത്തി. എന്നാൽ മെത്തയല്ലാതെ മറ്റ് യാതൊരു ആനുകൂല്യങ്ങളും ലഭിച്ചിട്ടില്ലെന്ന് നേരിട്ടുള്ള പരിശോധനയിൽ ടിയാൻ അന്വേഷണ സംഘത്തിന് മുൻപാകെ മൊഴി നൽകുകയുണ്ടായി. ഇപ്രകാരം പല ഗുണഭോക്താക്കളും ടി പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണ സംഘത്തിന് മുൻപാകെ മൊഴി നൽകിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വാർഷിക പദ്ധതി പ്രകാരം വിതരണം ചെയ്യാൻ വാങ്ങിയ മെത്തകളും, വാട്ടർ ടാങ്കുകളും വ്യാപകമായി മറിച്ച് വിറ്റതായും ഇതിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനുള്ള മെത്തകൾ മൂന്നാർ, മറയൂർ, പള്ളിവാസൽ എന്നീ ഗ്രാമപഞ്ചായത്തുകളിലുള്ള ഹോംസ്റ്റേകൾക്ക് മറിച്ച് വിറ്റതായും അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന്മേൽ പോലീസ് അന്വേഷണം ആവശ്യമാണെന്ന് കാണുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മൂന്നാർ ഗ്രാമപഞ്ചായത്തിലെ 2025-26 വാർഷിക പദ്ധതിയിലെ പട്ടികജാതി വിഭാഗം ഫണ്ട് വിഹിതമായ 2,86,44,600/-രൂപയിൽ ഭൂരിഭാഗവും വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾക്കാണ് വിനിയോഗിച്ചിട്ടുള്ളത് എന്നും എന്നാൽ വ്യാജ ഗുണഭോക്തൃ ലിസ്റ്റിന്റെ മറവിലാണ് ടി പദ്ധതികളെല്ലാം നടപ്പാക്കിയിട്ടുള്ളത് എന്നും ഇപ്രകാരം വ്യാജമായി തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും വൻതോതിൽ കൈക്കൂലി വാങ്ങിയതായും അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽപ്പെട്ട പ്രൊജക്റ്റ് നമ്പർ 191/2026 സോളാർ ഫെൻസിംഗ്, പ്രോജക്റ്റ് നമ്പർ 186/2026 മൂന്നാർ ബ്യൂട്ടിഫിക്കേഷൻ എന്നീ പദ്ധതികളുടെ ഫയലുകളിൽ പ്രഥമദൃഷ്ട്യാ തന്നെ ക്രമക്കേടുകൾ കാണുന്നതിനാൽ വിശദമായ പരിശോധന ആവശ്യമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**5. 2025-26 ലെ വിവിധ വാർഷിക പദ്ധതി ഫയലുകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ**

2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട വയോജനങ്ങൾക്ക് മെത്ത (പട്ടികജാതി വിഭാഗം) എന്ന പദ്ധതിക്കായി പട്ടികജാതി വിഭാഗം ഫണ്ടിൽ നിന്നും 42,11,000/-രൂപ വകയിരുത്തി നടപ്പിലാക്കിയതായും ടി പദ്ധതി പ്രകാരം 2000/-രൂപ നിരക്കിൽ 2100 മെത്തകൾ വാങ്ങിയിട്ടുള്ളതായി ഫയൽ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടതായും, എന്നാൽ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരമോ, ഏതെങ്കിലും സർക്കാർ ഉത്തരവ് മുഖേനയോ അനുമതി ലഭിക്കാതെയാണ് ടി പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ടി പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിവരങ്ങൾ പൂർണ്ണമല്ല എന്നും തോട്ടം തൊഴിലാളികളും നിരക്ഷരരുമായ ഗുണഭോക്താക്കൾക്കെല്ലാംതന്നെ ടി പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല എന്നും ആയതിനാൽ ഇക്കാര്യത്തിൽ വിശദമായ പരിശോധന ആവശ്യമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2024-25 ലെ കമ്പിളി വിതരണം (പട്ടികജാതി വിഭാഗം) എന്ന പദ്ധതിയിൽ ആനുകൂല്യം നല്കിയതായി കാണുന്ന ഗുണഭോക്താക്കളെല്ലാംതന്നെ ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല എന്നും ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ ഗുണഭോക്താക്കൾക്ക് തന്നെയാണ് ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളത് എന്ന് പരിശോധിച്ച് ഉറപ്പാക്കുന്നതിന് വിശദമായ പരിശോധന ആവശ്യമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പട്ടികജാതി വിഭാഗം ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളായ വയോജനങ്ങൾക്ക് കട്ടിൽ വിതരണം, വിദ്യാർത്ഥികൾക്ക് മേശ, കസേര വിതരണം, വയോജനങ്ങൾക്ക് കമ്പിളി വിതരണം തുടങ്ങിയ പദ്ധതികളുടെ ഗുണഭോക്താക്കളുടെ പേര് മാത്രമാണ് ആനുകൂല്യം കൈപ്പറ്റിയതിന് തെളിവായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത് എന്നും തോട്ടം തൊഴിലാളികളായ തമിഴ് വംശജർ ഗുണഭോക്താക്കളായിട്ടുള്ള ഒരേ പേരിൽപ്പെട്ട നിരവധി ആളുകൾ ഒരേ പ്രദേശത്ത് തന്നെ താമസിക്കുന്നുണ്ട് എന്നതിനാൽ ഗുണഭോക്താക്കളുടെ ഒപ്പോ ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിനുള്ള വിലാസമോ, ആധാർ നമ്പറോ ഒന്നും തന്നെ ലഭ്യമല്ലാത്തതിനാൽ അപേക്ഷയിൽ കൈപ്പറ്റ് സംബന്ധിച്ച സീൽ പതിപ്പിച്ച് ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നത് ആധികാരികമായി കണക്കാക്കാൻ ആവില്ല എന്നും മേൽ സാഹചര്യത്തിൽ ഈ വിഷയത്തിലും പ്രത്യേകമായി പരിശോധന ആവശ്യമായി കാണുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രൊജക്റ്റ് നമ്പർ 199/2026 - വാട്ടർ ടാങ്ക് വിതരണം (പട്ടികജാതി വിഭാഗം) എന്ന പദ്ധതിക്ക് സർക്കാർ മാനദണ്ഡപ്രകാരം 30 ലക്ഷം രൂപ അടങ്കൽ തുക നിശ്ചയിച്ച് തയ്യാറാക്കിയ പദ്ധതിയിൽ സർക്കാർ മാനദണ്ഡപ്രകാരമുള്ള ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്താതെ പദ്ധതി രൂപീകരിക്കുകയും കൂടാതെ, 750 ഗുണഭോക്താക്കൾക്ക് അനുകൂല്യം നല്കാൻ തയ്യാറാക്കിയ പദ്ധതിയിൽ 866 പേരിൽ നിന്നും ഗുണഭോക്തൃ വിഹിതം നേരിട്ട് സ്വീകരിച്ചതായും ബിൽ തുകക്ക് അനുപാതിക തുക ഗുണഭോക്തൃ വിഹിതത്തിൽ നിന്നും അനുവദിക്കാതെ മുഴുവൻ തുകയും

വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചതായി കണ്ടെത്തുകയും ആയത് ക്രമവിരുദ്ധവും ദുരൂഹവുമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

**6. മാലിന്യ സംസ്കരണത്തിൽ കണ്ടെത്തിയ വീഴ്ചകൾ**

മൂന്നാർ ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി ഏകദേശം രണ്ട് കോടിയിലധികം രൂപ പ്രതിവർഷം വിവിധ ഇനങ്ങളിലായി ചെലവഴിക്കുന്നതായും 15 ഹരിത കർമ്മ സേനാംഗങ്ങൾ അടക്കം 95 പേർ ഈ മേഖലയിൽ ജോലിചെയ്യുന്നതായും എന്നാൽ കാര്യക്ഷമമായി ഗ്രാമപഞ്ചായത്തിലെ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നും ആയതിനാൽത്തന്നെ 2026 വർഷത്തിൽ മൂന്നാർ ഗ്രാമപഞ്ചായത്തിലെ കല്ലാർ MCF ൽ 3 തവണ തീപിടുത്തമുണ്ടായതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അന്വേഷണ റിപ്പോർട്ട് പരിശോധിച്ചതിൽ മൂന്നാർ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഷിക പദ്ധതികളുടെ നിർവ്വഹണത്തിലും പട്ടികജാതിവിഭാഗം ഫണ്ട് കൈകാര്യം ചെയ്യുന്നതിലും വിവിധ പദ്ധതികളുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിലും ഗ്രാമപഞ്ചായത്തിന്റെ മറ്റ് പ്രവർത്തനങ്ങളിലും വ്യാപകമായ അഴിമതി, സർക്കാർ പണം ദുരുപയോഗം ചെയ്യൽ ഗുരുതരമായ ക്രമക്കേടുകൾ തുടങ്ങിയ വീഴ്ചകൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ.ഉദയകുമാർ ജി.പി. എന്നയാളുടെ ഭാഗത്തുനിന്നും സംഭവിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ച വിഷയങ്ങളിൽ നിരവധി ക്രമക്കേടുകൾക്കും കെടുകാര്യസ്ഥതക്കും പണാപഹരണത്തിനും ഉത്തരവാദിയായ **മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.ഉദയകുമാർ ജി.പി. (PEN G51058)** എന്നയാളുടെ ഭാഗത്തുനിന്നും കൃത്യവിലോപം, നിയമങ്ങളുടെയും ചട്ടങ്ങളുടേയും ലംഘനം, പണാപഹരണം, അഴിമതി, കെടുകാര്യസ്ഥത, അധികാര ദുർവിനിയോഗം എന്നീ ഗുരുതരമായ വിഴ്ചകൾ സംഭവിച്ചതായി ബോധ്യപ്പെട്ടതിനാൽ, ടിയാനെ സേവനത്തിൽ നിന്ന് മാറ്റി നിർത്തി ടി വിഷയങ്ങളിൽ വിശദമായ അന്വേഷണം നടത്തേണ്ടതുണ്ടെന്നു കാണുന്നു. മേൽ സാഹചര്യത്തിൽ **ശ്രീ.ഉദയകുമാർ ജി.പി. (PEN G51058)** യെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം (1) പ്രകാരം അന്വേഷണ വിധേയമായി ഉടൻ പ്രാബല്യത്തിൽ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

സസ്പെൻഷൻ കാലയളവിൽ ശ്രീ.ഉദയകുമാർ ജി.പി. - ക്ക് നിയമാനുസൃത ഉപജീവന ബത്തക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

H. DINESHAN IAS
PRINCIPAL DIRECTOR

ശ്രീ.ഉദയകുമാർ ജി.പി. (PEN G51058)
സെക്രട്ടറി, മൂന്നാർ ഗ്രാമപഞ്ചായത്ത്
(തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേനെ)

പകർപ്പ് :
1. ജില്ലാ ജോയിന്റ് ഡയറക്ടർ, ഇടുക്കി (ഉത്തരവ് നടപ്പിൽ വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്)
2. സെക്രട്ടറി, മൂന്നാർ ഗ്രാമപഞ്ചായത്ത്
3. സൂപ്രണ്ട്, ഡിഇഎ സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
4. സൂപ്രണ്ട്,ഡിഇഡി സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് (വിവരാവകാശ നിയമം 2005 പ്രകാരം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Dineshan H
Date: 16-05-2026 13:01:15